പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2008 | 05.10.2016 ന് മറുപടിയ്ക്ക്.

## മാടായി ഐ.ടി.ഐ.യിലെ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പി.എസ്.സി.യുടെ അംഗീകാരം ലഭിക്കാത്തതിനാൽ മാടായി ഐ.ടി.ഐ. യിൽ നിന്നും ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് പി.എസ്.സി. വഴിയുള്ള നിയമനത്തിന് അർഹത യില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കോഴ്സിന് പി.എസ്.സി.യുടെ അംഗീകാരം ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) ഉണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ എൻ.റ്റി.സി / എസ്.റ്റി.സി ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ യോഗ്യത കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയാൽ മാത്രമേ ടി കോഴ്സ് പി.എസ്.സി അംഗീകരിക്കുകയുള്ളൂ. എന്നാൽ ടി വകുപ്പ് പ്രസ്തുത യോഗ്യത പരിഗണിക്കാത്തതിനാലും സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്താൻ തയ്യാറാകാത്തതിനാലും ടി യോഗ്യത പി.എസ്.സി അംഗീകരിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഇതേവരെ കൈക്കൊണ്ടിട്ടില്ല. ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സിന് തൊഴിൽ സാദ്ധ്യത കുറവായതിനാൽ ടി കോഴ്സ് നിർത്തലാക്കിയിരിക്കുകയാണ്. |

Bindu

സെക്ഷൻ ഓഫീസർ